പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2835 **28-10-2026-ൽ മറുപടിയ്ക്ക്**

പുനർഗേഹം പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) കടലാക്രമണഭീഷണി നേരിടുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി മുൻ സർക്കാർ ആരംഭിച്ച പുനർഗേഹം പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ച് മാസത്തിനിടെ എത്ര കുടുംബങ്ങൾക്ക് വീടുകളോ ഫ്ലാറ്റുകളോ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

മറുപടി: പുനർഗേഹം പദ്ധതി പ്രകാരം ഗുണഭോക്താക്കൾ നിർമ്മിക്കുന്ന വ്യക്തിഗത ഭവനങ്ങളോടൊപ്പം സർക്കാർ ചെലവിൽ നൽകുന്ന നിർമ്മിച്ച ഫ്ലാറ്റുകളിലൂടെയുമാണ് പുനരധിവാസം നടപ്പിലാക്കുന്നത്. കഴിഞ്ഞ അഞ്ചു മാസത്തിനിടെ ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടില്ല. ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

വ്യക്തിഗത ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ചു മാസത്തിനിടെ 30 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വിലയ്ക്ക് ജില്ലാതല സമിതി അംഗീകാരം നല്കിയിട്ടുണ്ട്. ഈ 5 മാസകാലയളവിൽ 23 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഇതേ കാലയളവിൽ 22 ഗുണഭോക്താക്കൾക്ക് ഭൂമി വില അനുവദിച്ച് നൽകിയിട്ടുണ്ട്. 44 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ ഒന്നാം ഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. 43 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ രണ്ടാം ഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. 41 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം 3 ഘട്ടങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. 62 ഗുണഭോക്താക്കൾ ഈ കാലയളവിൽ പുതിയ വീട്ടിലേയ്ക്കു താമസം മാറിയിട്ടുണ്ട്.

(ബി) 22,174 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്ന ഈ ബൃഹദ് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞ കുറച്ച് മാസങ്ങളായി മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷം ഭരണാനുമതി നല്കിയിരുന്നു. പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെയും

പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ് ലഭിക്കുന്നത്.

മൂന്നു വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് വിഭാവനം ചെയ്തിരുന്നത്. പുനർഗേഹം പദ്ധതി പ്രകാരം സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കാൻ സമ്മതം അറിയിച്ചിട്ടുള്ളവരെ മാത്രമാണ് പുനരധിവസിപ്പിക്കുന്നത്. നിർബന്ധിത പുനരധിവാസം പദ്ധതി ലക്ഷ്യമല്ല.

കോവിഡ് മഹാമാരി മൂലമുണ്ടായ ലോക്ക്ഡൗൺ പ്രശ്നങ്ങൾ പദ്ധതിയിൽ വലിയ കാലതാമസം ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ സുരക്ഷിത മേഖലയിലെ സ്ഥല ദൗർലഭ്യം, തീരദേശ പ്രദേശത്തെ സുരക്ഷിത മേഖലയിലെ ഭൂമിയുടെ വിലവർദ്ധനവ്, നിർമ്മാണ സാമഗ്രികളുടെ ഉയർന്ന വില, നിർമ്മാണ മേഖലയിലെ കൂലി വർദ്ധനവും കാരണം ഗുണഭോക്താക്കൾ പുനരധിവാസത്തിന് വിമുഖത കാണിക്കുന്ന സാഹചര്യമുണ്ട്. കൂടാതെ തൊഴിൽപരവും സാമൂഹികവുമായ കാരണങ്ങളാലും സമ്മതമറിയിച്ച ഗുണഭോക്താക്കൾ പോലും പുനരധിവാസത്തിന് വിമുഖത കാണിക്കുന്ന സാഹചര്യമുണ്ട്. ഇക്കാരണങ്ങളാൽ പദ്ധതി നിശ്ചയിക്കപ്പെട്ട കാലയളവിൽ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. പരമാവധി പേരെ പുനരധിവസിപ്പിക്കും എന്ന ലക്ഷ്യത്തോടെ പദ്ധതിയുടെ നിലവിലെ കാലയളവ് 31.03.2028 വരെ സർക്കാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(സി) മുൻ സർക്കാർ തിരുവനന്തപുരം മുട്ടത്തറയിൽ നിർമ്മിച്ച 400 ഫ്ലാറ്റുകളുള്ള 'പ്രത്യാശ' ഭവന സമുച്ചയത്തിന് സമാനമായി പുതിയ ഏതെങ്കിലും പാർപ്പിട സമുച്ചയങ്ങൾ ഈ സർക്കാർ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

<u>മറുപടി:</u> ഉൾപ്പെടുത്തിയിട്ടില്ല

(ഡി) മുൻ സർക്കാർ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ 16,798 വീടുകളുടെ പൂർത്തീകരണമല്ലാതെ, ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് കിടപ്പാടം ഉറപ്പാക്കാൻ സ്വന്തം നിലയ്ക്ക് പുതുതായി എന്ത് നയങ്ങളാണ് ഈ സർക്കാർ രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> ലൈഫ് പദ്ധതി മുഖേന മത്സ്യത്തൊഴിലാളികൾക്ക് വീട് ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന സാഹചര്യത്തിൽ ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്കും ഭവന രഹിതരായ മൽസ്യത്തൊഴിലാളികൾക്കും ഉൾപ്പെടെ പ്രയോജനപ്പെടുന്ന രീതിയിൽ ഫിഷറീസ് വകുപ്പ് മുഖേന പ്രത്യേക ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. മത്സ്യത്തൊഴിലാളികൾക്കായുള്ള പുതിയ ഭവന പദ്ധതിയ്ക്കായി ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച പരിഷ്കരിച്ച പ്രൊപ്പോസൽ, പദ്ധതിയുടെ കരട് മാർഗരേഖ എന്നിവ പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ